# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

www.lfa.kerala.gov.in

## ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി16/62/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി- 20.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :
ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/62/2019 തീയതി – 20.02.2019

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2017 മുതൽ 23.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2018 മുതൽ 02.11.2018 | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്. പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| | കെ.പി.മുഹമ്മദ്ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എ.ബി. സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ദീപാ നാരായണൻ | 01.04.17മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.രതീനാഥ്. ആർ<br><br>ശ്രീ.ടി.ആർ.ഗോകുൽദാസ്<br><br>ശ്രീ.അംബുജാക്ഷൻ.പി.കെ. | 01.04.17മുതൽ 31.05.2017വരെ<br><br>01.06.17 മുതൽ 23.06.2017വരെ<br><br>24.06.17 മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.ടി.ആർ. ഗോകുൽദാസ് | 01.04.17മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. നിമിഷ സുരേഷ്<br><br>ഡോ. ബാലമണികണ്ഠൻ<br><br>ഡോ. നിമിഷ സുരേഷ്<br><br>ഡോ. ജൂഡ് ജോസ് തോംസൺ<br><br>ഡോ. ബാലമണികണ്ഠൻ | 01.04.17 മുതൽ 12.05.2017വരെ<br><br>07.06.17മുതൽ 10.07.2017വരെ<br><br>11.07.17മുതൽ 31.10.2017വരെ<br><br>05.12.17 മുതൽ 02.03.2018വരെ<br><br>03.03.18 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അബ്ദുൾ റഷീദ്. കെ<br><br>ഡോ. അനരൂപ്. കെ.എസ് | 01.04.17മുതൽ 01.03.18വരെ<br><br>02.03.18 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.എസ്. രാധാകൃഷ്ണൻ<br><br>ഡോ. ഷൈനി.എം. | 01.04.17മുതൽ 31.10.2017വരെ<br><br>01.11.17 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ജ്യോതിശങ്കർ.കെ.പി | 01.04.17മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | അരുൺ ജോസഫ്<br><br>സാബു. സി.എസ്<br><br>ശരത്ത് മോഹൻ. പി.പി<br><br>പ്രശാന്ത്. കെ<br><br>ശരത്ത് മോഹൻ. പി.പി.<br><br>ശ്രീമതി അശ്വതി. കെ.കെ | 01.04.17 മുതൽ 29.07.2017വരെ<br><br>30.07.17 മുതൽ 18.08.2017വരെ<br><br>19.08.17 മുതൽ 28.10.2017വരെ<br><br>29.10.17 മുതൽ 15.11.2017വരെ<br><br>16.11.17 മുതൽ 27.12.17വരെ<br><br>28.12.17മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രസന്ന | 01.04.17മുതൽ 31.03.2018വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിന്ദു | 01.04.17മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി. സാജിത. എം<br><br>ശ്രീമതി. ലിമിലാൽ. ടി.എം | 01.04.17മുതൽ 27.09.2017വരെ<br><br>28.09.17 മുതൽ 31.03.2018വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ദീപക്.എസ്.ആർ<br><br>ആയിഷാബി. കെ | 01.04.17മുതൽ 03.10.2017വരെ<br><br>04.10.17 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | ക്യാഷ് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം - അപാകത പരിഹരിക്കേണ്ടതാണ്. |
| 14 | 2-2 | ബഡ്ജറ്റ് രൂപീകരണം- പഞ്ചായത്ത് രാജ് നിയമത്തിലേയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 15 | 2-3 | നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം. |
| 16 | 2-4 | 2017-18 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ്- ചട്ടത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നില്ല. |
| 17 | 2-5 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 18 | 2-6 | വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. |
| 19 | 2-7 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് ശാസ്ത്രീയമായി നിശ്ചയിക്കാത്തത് വരുമാന നഷ്ടമുണ്ടാക്കുന്നു. |
| 20 | 2-8 | ഭവനനിധി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. |
| 21 | 2-9 | ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ് |
| 22 | 2-10 | ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം. |
| 23 | 3-1 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പാത്രങ്ങൾ വാങ്ങൽ – രേഖകൾ ഹാജരാക്കിയില്ല- 396736 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 24 | 3-2 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ- ഡൈനിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക 290740 രൂപ |

| | | |
|---|---|---|
| | | തടസ്സപ്പെടുത്തുന്നു. |
| 25 | 3-3 | കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. |
| 26 | 3-4 | സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 27 | 3-5 | പട്ടിക ജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-സാധന – സേവന സമാഹരണ ചട്ടങ്ങൾ പാലിക്കണം |
| 28 | 3-6 | ഔഷധിയിൽ നിന്നുള്ള 14426 രൂപ മൂല്യമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല, സമയബന്ധിതമായി ലഭ്യമായിട്ടില്ല. |
| 29 | 3-7 | കുടുംബശ്രീ- അക്കൗണ്ടിലെ മൃത നിക്ഷേപം-തുക സഞ്ചിത നിധിയിലൊടുക്കണം |
| 30 | 3-8 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ |
| 31 | 4-1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 32 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 34 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 35 | 4-5 | സ്ഥിര നിക്ഷേപം |
| 36 | 4-6 | ഓഡിറ്റ് റിക്കവറി |
| 37 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 38 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 41 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 42 | അനുബന്ധം-2 | സംക്ഷിപ്തം (Audited Abstract) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23/03/2017തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2018 തീയതിയിലെ 4ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2018 | 19.05.2018 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27-6-2018, 28-6-2018 | നം.കെ.എസ്.എ-പികെഡി.21/1904(43)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36,643,323 |
| വരവ് | 99,942,495 |
| ആകെ | 136,585,818 |
| ചെലവ് | 109,300,137 |
| നീക്കിയിരിപ്പ് | 27,285,681 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16452525 | 16452525 | 16367591 | 84934 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8997703 | 8997703 | 8467734 | 529969 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2998 | 2998 | 0 | 2998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8644000 | 8644000 | 6463174 | 2180826 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4068000 | 4068000 | 2811915 | 1256085 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12090099 | 12090099 | 7772212 | 4317887 |
| കെ.എൽ.എസ്.ജി.ഡി.പി (Central) | | 0 | 1951075 | 1951075 | 1883373 | 67702 |
| കെ.എൽ.എസ്.ജി.ഡി.പി(State) | | 0 | 1025491 | 1025491 | 1025491 | 0 |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | 32,852 | 57068 | 89,920 | 42055 | 47,865 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴി ലാളികളുടെ കൂലി | 0 | 9064031 | 9064031 | 9064031 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 97,730 | 1590488 | 1688218 | 1605791 | 82427 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 0 | 2,000,000 | 2,000,000 | 0 | 2,000,000 |
| | ICDS | 1133135 | 730,045 | 1863180 | 718113 | 1145067 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിലില്ലായ്മ വേതനം | 0 | 21600 | 21600 | 21600 | 0 |
| | വിവാഹ ധനസഹായം | 0 | 390000 | 390000 | 390000 | 0 |
| | കർഷക തൊഴിലാളി പെൻഷൻ | 0 | 6553300 | 6553300 | 6553300 | 0 |
| | വിധവാ പെൻഷൻ | 0 | 17809900 | 17809900 | 17809900 | 0 |
| | അവിവാഹിത പെൻഷൻ | 0 | 1158100 | 1158100 | 1158100 | |
| | വികലാംഗ പെൻഷൻ | 0 | 4046800 | 4046800 | 4046800 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 22937400 | 22937400 | 22937400 | 0 |
| | ഉൽപ്പാദന ബോണസ് | 0 | 166,000 | 166,000 | 166,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 15,00,000 | 15,40,000 | 30,40,000 | 1440000 | 1,600,000 |
| | ജില്ലാ പഞ്ചായത്ത് | 0 | 70,000 | 70,000 | 70,000 | 0 |
| | മറ്റ് ഗ്രാമ പഞ്ചായത്ത് | 624,400 | 0 | 624,400 | 0 | 624,400 |
| | മറ്റ് ഫണ്ടുകൾ | 1,000 | 0 | 1,000 | 0 | 1000 |
| ജല നിധി | | 4,618,344 | 26,437,330 | 31055674 | 26665518 | 4390156 |
| ശുചിത്വ മിഷൻ | | 0 | 155,929 | 155,929 | 146922 | 9007 |

| | | | | | | |
|---|---|---|---|---|---|---|
| കേരളോൽസവം | | 0 | 15,000 | 15,000 | 15000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 10512245 | 11031000 | 21543245 | 19809966 | 1733279 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 18464845 | 15333853 | 33798698 | 15819408 | 17979290 |
| | ബാങ്ക് അക്കൗണ്ട് (Online) | 12024 | 307005 | 319029 | 24826 | 294203 |
| | ട്രഷറി അക്കൗണ്ട് (ജോയിന്റ് വെൻച്വർ) | 2125400 | 1610000 | 3735400 | 3735400 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 85786076 | 134 | 49412750 | 12(Part Bill) | 56 | 70 |

ഉപേക്ഷിച്ച പദ്ധതികളുടെ വിവരം:

1. 83/18(SO): തെക്കുമംഗലം കാട്ടുത്തൊടി റോഡ് മെറ്റലിങ്ങ്. (പൊതുജനാഭിപ്രായപ്രകാരം)
2. 89/18(SO): KMPHC പേരൂർ സ്റ്റോർ, ലാബ്, ഫാർമസി നവീകരണം, ശീതീകരണം. (സാങ്കേതികാനുമതി ലഭ്യമായില്ല)
3. 103/18(SO): അടീയംപാടം IHDP കോളനി റോഡ്. (പൊതുജനാഭിപ്രായപ്രകാരം)

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 97,730 | 1590488 | 1688218 | 1605791 | 82427 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9064031 | 9064031 | 9064031 | 0 |
| | 97,730 | 10654519 | 10752249 | 10669822 | 82427 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21600 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 6553300 | 594 |
| വിധവാപെൻഷൻ | 17809900 | 1588 |
| അവിവാഹിത പെൻഷൻ | 1158100 | 140 |
| വാർദ്ധക്യകാലപെൻഷൻ | 22937400 | 2138 |
| വികലാംഗപെൻഷൻ | 4046800 | 369 |
| വിവാഹ ധനസഹായം | 390000 | 13 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2018 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38,957/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

സംസ്ഥാന - കേന്ദ്ര ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. മറ്റെല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറിയും ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല.

ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട് തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്.

എല്ലാ കളക്ഷനുകളും ഡി.സി.ബി., കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി, കെട്ടിട നിർമ്മാണ ലൈസൻസ് ഫീ എന്നീ ഇനങ്ങൾക്കുമാത്രമാണുള്ളത്. ടാക്സുകൾ നിയമപ്രകാരമുള്ള നിരക്കുകളിൽ തന്നെയാണ് ഈടാക്കുന്നത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി 82% നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്. വസ്തുനികുതി രേഖപ്പെടുത്തുന്നതിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങൾ ഈ റിപ്പോർട്ടിന്റെ 2ാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് പറയാനാവുന്നില്ല. പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. കല്ല്യാണ മണ്ഡപത്തിലേക്ക് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതുമായി ബന്ധപ്പെട്ട പരാമർശം റിപ്പോർട്ടിന്റെ 3ാം ഭാഗത്ത് ചേർത്തിട്ടുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

Software 100% successful എന്ന് പറയാനാവില്ല. Bill Registerന് സമാനമായ ഒരു സംവിധാനം Softwareൽ ഇല്ലാത്തതിനാൽ manual രജിസ്റ്റർ സൂക്ഷിക്കേണ്ടി വരുന്നു. Property taxന്റെ കാര്യത്തിലും ഇത് ബാധകമാണ്. Financial Transactions സാംഖ്യയുമായി ബന്ധിപ്പിച്ച് Online Transaction ബാധകമാക്കണം. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് മാത്രമാണ് Software ഉള്ളത്. മറ്റ് യോഗങ്ങളുടെ മിനുട്സും സോഫ്റ്റ്‌വെയർ മുഖേനയാക്കുന്ന കാര്യം

പരിഗണിക്കാവുന്നതാണ്. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. Payment അടിക്കുക (കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Bill preparation വേറെ തന്നെ ചെയ്യേണ്ടി വരുന്നു.

സഞ്ചയ Property Taxലെ രേഖകൾ തയ്യാറാക്കുന്നത് എളുപ്പമാക്കിയിട്ടുണ്ട്. മറ്റ് വരവിനങ്ങളും കൂടി സാംഖ്യയുമായി ബന്ധിപ്പിക്കണം.

സങ്കേതം Softwareൽ 100% Licenced Building Supervisorsന്റെ സഹായത്തോടെ മാത്രമേ പെർമിറ്റ് നേടാനാവുകയുള്ളൂ.

വിവിധ അപേക്ഷകൾ സമർപ്പിച്ചശേഷം പൊതുജനങ്ങൾക്ക് Online ആയി സർട്ടിഫിക്കറ്റുകൾ Print എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പ്രയോജനകരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2018 | 8/2018 | 27.09.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.10.2010 മുതൽ 15.10.2010 വരെ | 2005-06 മുതൽ 2009-10 വരെ | 18.11.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 2 കാണുക.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്യാഷ് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം - അപാകത പരിഹരിക്കേണ്ടതാണ്.

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് 24.10.2018 തിയതിയിലെ ക്യാഷ് ബാലൻസ് പരിശോധനയുടെ ഭാഗമായി ക്യാഷ് ബുക്ക് പരിശോധിച്ചപ്പോൾ നീക്കിയിരുപ്പിൽ 443 രൂപ അധികമുള്ളതായി കണ്ടെത്തി. ആയത് സോഫ്റ്റ് വെയറിലെ സാങ്കേതിക പിഴവാണെന്നും സാമ്പത്തിക ക്രമക്കേടുകൾ സംഭവിച്ചിട്ടില്ല എന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു. ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ

സ്വീകരിച്ച വിവിധ ഇനം തുകകളിൽ ചിലത് ഔട്ട് ഡോർ രസീപ്റ്റ് ആയി സ്വീകരിച്ചത് സാംഖ്യയിൽ ഇന്ററപ്റ്റഡ് റസീപ്റ്റ് ആയി രേഖപ്പെടുത്തിയപ്പോൾ തെറ്റ് സംഭവിച്ചത് ക്യാൻസൽ ചെയ്യപ്പോൾ ചില രസീപ്റ്റുകൾ ക്യാൻസൽ ആവാതെ ഔട്ട് ഡോർ രസീപ്റ്റുകളുടെയും, ഫ്രണ്ട് ഓഫീസ് രസീപ്റ്റുകളുടെയും ക്രമം തെറ്റുകയാണുണ്ടായത്. 29.05.2018 തിയതി മുതൽ ക്രമം തെറ്റിയാണ് കിടക്കുന്നത്. പ്രശ്നം പരിഹരിക്കുന്നതിനായി ഐ.കെ.എമ്മിന് സൂചിക വെബ് വഴി പരാതി നൽകിയിട്ടുണ്ട് എങ്കിലും നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭിച്ചത്. സോഫ്റ്റ് വെയറിലെ പിശകുകൾ അടിയന്തിരമായി പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം. 3/17-18, തിയതി. 24.10.2018)

## 2-2 ബഡ്ജറ്റ് രൂപീകരണം- പഞ്ചായത്ത് രാജ് നിയമത്തിലേയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ പാലിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട്, തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ {ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം പുറപ്പെടുവിച്ചത്} മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തി. വിശദവിവരം

ചുവടെ ചേർക്കുന്നു.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടില്ല.

2. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുന്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടിട്ടില്ല.

3. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

6. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.03.2017 ന് തയ്യാറാക്കുകയും ആയത് ഭരണസമിതി(തീരുമാനം നം.1 തിയതി. 20.03.2017) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എല്ലാ സ്ഥാപന മേധാവികളോടും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളോടും മെമ്പർമാമരോടും അന്വേഷിച്ചും വിവരങ്ങൾ ആരാഞ്ഞും ആണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എങ്കിലും കൃത്യമായി രേഖപ്പെടുത്തലുകളിൽ വീഴ്ച്ച ഉണ്ടായിട്ടുണ്ട് എന്നും തുടർന്നു വരുന്ന വർഷങ്ങളിൽ കുറ്റമറ്റരീതിയിൽ ബജറ്റ് രൂപീകരിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക

വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കും എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നം 8/24.10.2018)

## 2-3 നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തത് പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും 31.10.2017 ലെ ചട്ട ഭേദഗതിക്കുശേഷമുള്ള അപേക്ഷകളിൽ ദൈനംദിന വിറ്റുവരവ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾക്ക് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും കണ്ടെത്തി.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 05/18, തിയതി. 24.10.2018) 30.10.2018-ാം തിയതി നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം അടുത്ത പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ പുതിയ നിരക്കിലുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-4 2017-18 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ്- ചട്ടത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നില്ല.

GO(Ms)No 41/2011/LSGD Dtd 14/12/2011 (SRO No.127/2011) പ്രകാരമുള്ള കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ന് അനുസൃതമായും തുടർന്നുവന്ന താഴെ പറയുന്ന ഭേദഗതികൾ പാലിച്ചുമാണോ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

GO (Ms) No. 10/2014/Lsgd dtd 10/01/2014 (SRO No. 26/2014)
GO (P) No. 181/2015/Lsgd dtd 28/05/2015 (SRO No. 362/2015)
GO (P) No. 343/2015/Lsgd Dtd 18/11/2015 (SRO No. 769/2015)
GO (P) No. 81/2017/LSGD Dtd 31/10/2017 (SRO No. 675/2017)
കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള ഓൺലൈൻ ആപ്ലിക്കേഷൻ ആയ സങ്കേതം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം, കാര്യക്ഷമത എന്നിവയും വിലയിരുത്തുവാൻ ലക്ഷ്യമിട്ടിരുന്നു. ആയതിലേക്കായി പെർമിറ്റ് രജിസ്റ്റർ, പെർമിറ്റിനുള്ള അപേക്ഷകൾ, ക്രമവൽക്കരണത്തിനായുള്ള അപേക്ഷകൾ എന്നിവയും, സങ്കേതം സോഫ്റ്റ്‌വെയറിലെ വിവരങ്ങളും പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കുന്നതിനു പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.
   കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മുഴുവനും സങ്കേതം സോഫ്റ്റ്‌വെയറിലൂടെ പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. കെട്ടിടനിർമ്മാണ ചട്ടത്തിന് വിരുദ്ധമായി സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്നത് ക്രമീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II യിലുള്ള വിവരം ചുവടെ ചേർക്കുന്നു.

2) സങ്കേതം സോഫ്റ്റ് വെയറിലെ അപാകതകൾ

എ) അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് I കാറ്റഗറിയിൽ ഉൾപ്പെടുന്ന ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്. 2017 ഓഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ചു വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 2017-18 ൽ ആകെ 211 കെട്ടിട നിർമ്മാണ പെർമിറ്റുകളാണ് സങ്കേതം സോഫ്റ്റ്‌വെയർ മുഖേന നൽകിയിട്ടുള്ളത്. ചട്ട ഭേദഗതിക്ക്(31.10.2017) ശേഷം 137 അപേക്ഷകളാണ് സോഫ്റ്റ് വെയറിലൂടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആയതിൽ 129 കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

സോഫ്റ്റ്‌വെയറിൽ നിന്നുള്ള നവംബർ ഡിസംബർ മാസങ്ങളിലെ പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്.

ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകളിൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ചു നൽകുന്നതിനും അധിക

F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. ആയതിനാൽ അതാത് കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഐ.കെ.എമ്മിന് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ബി) സങ്കേതം അപേക്ഷകളിൽ ചട്ടത്തിലില്ലാത്ത വാക്കുകളും നിർവ്വചനങ്ങളും- അപാകത പരിഹരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പ്രിന്റ് എടുക്കുമ്പോൾ നിയമത്തിലോ ചട്ടത്തിലോ ഇല്ലാത്ത വാക്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. പെർമിറ്റ് അപേക്ഷയിലെ ( അപ്പന്റിക്സ്- എ) ക്രമ നം.4 യില് " FAR Area “ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ ചട്ട പ്രകാരമുള്ള യഥാർത്ഥ വാക്കിനാൽ മാറ്റം വരുത്തി അപാകത പരിഹരിക്കേണ്ടതാണ്.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2(ii). | Contact Addres | 15,Sivashylam,Street no 4,SIVASHYLAM,VENNAKKARA,Darshanam Nagar,Vennakkara,Palakkad,India ,Kongad-678631 | | | | | | |
| 3 | Details of Plot(Area in Ares) | | | | | | | |
| Sl.No | (i)Survey No | (ii)Resurvey No | (iii)Extent In Ares | (iv)Nature Of Ownership | (v)Deed No. | (vi)Deed Date | (vii) Sub Registrar's Office | (viii) Sub Division |
| 1 | 378 | 378 | 2.03 | Sale Deed | 1476 | 26/04/2017 | Ottapalam | 25 |
| ix. | Proposed building Ward No. | 3 | | | | | | |
| x. | Nearest Building No[Ward No./ Building No.] | 46/44 | | | | | | |
| xi. | Taluk | Ottappalam | | | | | | |
| xii. | Revenue village | Lakkidi - Perur II | | | | | | |
| xiii. | District | Palakkad | | | | | | |
| 4 | Floor Details in Sqm | | | | | | | |
| | Plinth area of the proposed Building: 47.4 and FAR Area 47.4 Sqm | | | | | | | |

3) ചട്ടപ്രകാരമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നു.

1) ശ്രീ.അബ്ദുൾ സലീം ആന്റ് ഹസീന, തോട്ടത്തൊടി ഹൗസ്, മംഗലം, ഒറ്റപ്പാലം, പാലക്കാട്- 679301 എന്നയാൾക്ക് അനുവദിച്ച 27.12.2017 ലെ A7-BA(5764)/2018 നമ്പർ കെട്ടിടനിർമ്മാണ പെർമിറ്റിലും (അപ്പന്റിക്സ്-സി) പ്ലാനിലും നിലവിലുള്ള 109.03 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 109.03ച.മീ ഒന്നാം നില കൂട്ടിച്ചേർക്കുന്നതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുള്ളത് കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം- 2011 ലെ അനക്സർ പ്രകാരം കൂട്ടിച്ചേർക്കപ്പെടുന്ന ഭാഗത്തിനുമാത്രം പെർമിറ്റ് ഫീസ് കണക്കാക്കിയാൽ മതിയെന്നിരിക്കെ അധിക ഫീസ് ഈടാക്കിയിരിക്കുന്നു.

2) ശ്രീ. ഷാഹുൽ ഹമീദ് നെല്ലിക്കുറുശ്ശി, മുളഞ്ഞൂർ, പാലക്കാട് എന്നയാൾക്ക് അനുവദിച്ച 23.10.2017 ലെ A7-3929/2017 നമ്പർ കെട്ടിടനിർമ്മാണ പെർമിറ്റിലും (അപ്പന്റിക്സ്-സി) പ്ലാനിലും 107.39ച.മീ, 107.85 ച.മീ തറവിസ്തീർണ്ണമുള്ള രണ്ട് കെട്ടിടം നിർമ്മിക്കുന്നതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുള്ളത് രണ്ട് കെട്ടിടത്തിന്റേയും ആകെ വിസ്തീർണ്ണമായ 215.24 ച.മീ അടിസ്ഥാനമാക്കിയാണ്. ചട്ട പ്രകാരം ഒരു പ്ലോട്ടിലെ ഏതൊരു കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണ അനുമതിയ്ക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതാണ്. അപ്രകാരം അപേക്ഷിക്കാത്തപക്ഷം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ആയത് വ്യത്യസ്ത നിർമ്മാണ പ്രവർത്തികളായി

കണക്കാക്കി പെർമിറ്റ് ഫീസ് ഈടാക്കി പെർമിറ്റ് നൽകേണ്ടതുമാണ്.

മേൽ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും, വിശദീകരണം ലഭ്യമാക്കുന്നതിനുമായി 29.10.2018 തിയതി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/17-18) 30.10.2018 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സങ്കേതം സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കുന്നതിനും, അതാതു കാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ് വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഐ.കെ.എമ്മിന് നിർദ്ദേശങ്ങൾ നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൂതാതെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ചട്ട പ്രകാരം പെർമിറ്റ് നൽകുന്നതിൽ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

## 2-5 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ആയത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല എന്നും നടപടികൾ സ്വികരിച്ചിട്ടില്ല എന്നും കാണുന്നു, വിശദവിവരം ചുവടെ ചേർക്കുന്നു.

മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപ്പഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 326 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ്. ഇവരിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന ഫീസ് ഈടാക്കിയിരുന്നെങ്കിൽ ഈ ഇനത്തിൽ കുറഞ്ഞത് എഴുപത്തിയഞ്ച് ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനം ഉണ്ടാകുമായിരുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 06/18, തിയതി. 24.10.2018) 30.10.2018-ാം തിയതി നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം അടുത്ത പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 7/24.10.2018) 26.10.2018 തീയതിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ ചട്ട പ്രകാരമുള്ള സേവന ഉപനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ വെച്ച് പരിശോധിക്കുന്നതും ആയതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് ശാസ്ത്രീയമായി നിശ്ചയിക്കാത്തത് വരുമാന നഷ്ടമുണ്ടാക്കുന്നു.

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ ആയതിന്റെ നടത്തിപ്പിനായി നാളിതുവരെ ബൈലോ നിർമ്മിച്ച് ഭരണ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല. കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് സാങ്കേതിക വിദഗ്ദ്ധനാണ് നിർണ്ണയിക്കേണ്ടത്. എന്നാൽ വാടക നിരക്ക് നിർണ്ണയിച്ചിട്ടുള്ളത് അപ്രാകാരമല്ല എന്ന് പരിശോധനയിൽ കണ്ടെത്തി. ടി വിഷയം സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശിപാർശകളോ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റോറിയം പ്രവർത്തന സജ്ജമായതിനു ശേഷം നാളിതുവരെ മേൽ പ്രസ്താവിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാത്തത് കമ്മ്യൂണിറ്റി ഹാൾ വാടക വരുമാനത്തിൽ നഷ്ടമുണ്ടാക്കുന്നു. ആയതിനാൽ അടിയന്തിരമായി വാടക നിരക്കുകൾ നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം. 25/2017-18, തിയതി. 03.11.2018)

## 2-8 ഭവനനിധി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ,വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ ,സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് ടി വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 23/2017-18, തിയതി. 03.11.2018)

## 2-9 ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗണ്ടസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 നകവും, രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തിയാൽ അത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കുന്നതാണ് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.09.2005 തിയതിയിലെ 10088/എൽ3/05 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 1,56,421 രൂപ ലൈബ്രറി കൗൺസിലിന് അടവാക്കാൻ ബാക്കിയുണ്ട്. അനുബന്ധ രേഖകൾ പരിശോധിച്ചപ്പോൾ 2017-18 വർഷത്തിൽ ഒന്നാം ഗഡു(76,096/- രൂപ) അടവാക്കിയിട്ടുണ്ടെങ്കിലും രണ്ടാമത്തെ ഗഡു നാളിതുവരെ അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ സമയക്രമം പാലിക്കേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ ലൈബ്രറി കൗൺസിലിന് അടവാക്കാൻ അവശേഷിക്കുന്ന തുക അയവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
( ഓഡിറ്റ് അന്വേഷണം. നം.19/2017-18, തിയതി. 02.11.2018)

## 2-10 ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം.

ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ ഇ.ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഫോം വിലയായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചീനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ടെന്നും ആയത് പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/26-10-2018) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പാത്രങ്ങൾ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല- 396736 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പാത്രങ്ങൾ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല- 396736 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 08/18 |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ<br>പാത്രങ്ങൽ വാങ്ങൽ |
| അടങ്കൽ തുക | 450000 രൂപ ( തനത് ഫണ്ട്) |
| ചെലവ് തുക | 396736 രൂപ ( തനത് ഫണ്ട്)<br>സപ്ലയർക്ക് (അയിഷ മെറ്റൽസ്) നൽകിയ തുക- 392768 രൂപ ( വൗച്ചർ നം.51700593 തീ. 6.11.2017<br>ഇൻകം- ടാക്സ് തുക-3968 രൂപ<br>( വൗ. നം.51700595 തീ. 6.11.2017 ) |
| പത്രപ്പരസ്യ തീയ്യതി | 226/17 തീ.18.3.17 (ദേശാഭിമാനി, ടൈംസ് ഓഫ് ഇൻഡ്യ) |
| സാധന- സേവന സമാഹരണ കമ്മറ്റി തീരുമാനം നം. | 1. തീയ്യതി. 22.9.2017 |
| പഞ്ചായത്ത് ഭരണ സമിതി തീരുമാനം നം. | 1(5) തീ.28.2.2017 |
| ടെൻഡർ വിശദാംശങ്ങൾ | ISI മുദ്രയുള്ള 62 ഇനം പാത്രങ്ങൾ കിലോഗ്രാമിനുള്ള വില ഉൾപ്പെടെ രേഖപ്പെടുത്തണം. |
| ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | (1) ഗ്യാലക്സി ഹോം സെൻറർ , വിളത്തൂർ, പട്ടാമ്പി.<br>(2)അലങ്കാർ മെറ്റൽസ് , പാലക്കാട്<br>(3)അയിഷ മെറ്റൽസ്, പഴയന്നൂർ |
| ടെൻഡർ തുറക്കുന്ന തീയ്യതി | 10.04.2017 |
| ആദ്യ ടെൻഡർ നിരസിച്ചതിനാൽ റീ-ടെൻഡറിന് പത്രപ്പരസ്യം | A25000/16 തീ. 09.08.2017 |

| | |
|---|---|
| നൽകിയ നമ്പർ , തീയ്യതി | |
| റീ- ടെൻഡർ തീയ്യതി | 13/09/2017 |
| രണ്ടാം തവണ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | (1) രാജധാനി ഏജൻസീസ് , ചെർപ്പുളശ്ശേരി<br>(2) അയിഷ, മെറ്റൽസ്, പഴയന്നൂർ<br>(3) ശബരി മെറ്റൽസ്, കൊട്ടവായൂർ<br>(4) അലങ്കാർ മെറ്റൽസ്, മാർക്കറ്റ് റോഡ്, പാലക്കാട്<br>(5) വീക്കോ ട്രേഡിംഗ് അരിമ്പൂർ, തൃശ്ശൂർ |

മേൽ വിശദാംശങ്ങൾ പ്രകാരം,രണ്ടാം തവണ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ, ക്രമനമ്പർ (2)ലെ സ്ഥാപനം മേൽപറഞ്ഞ 62 ഇനങ്ങളിലെ 42 ഇനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി. ബാക്കി 20 ഇനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് മറ്റു സ്ഥാപനങ്ങളാണെന്നും, ആ നിരക്കിന് ടി 20ഇനങ്ങൾ സപ്ലൈ ചെയ്യാൻ തയ്യാറാണോ എന്നാരാഞ്ഞു കൊണ്ട് അയിഷ മെറ്റൽസിന് ഗ്രാമ പഞ്ചായത്ത് നെഗോസിയേഷൻ കത്ത് നൽകിയിട്ടുണ്ട്. ( കത്ത് നം. A2 2152/17 തീ. 15.9.17) എന്നാൽ ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച് യാതൊരു രേഖയും ഫയലിലില്ല. ടെൻഡറിൽ പങ്കെടുത്ത 5സ്ഥാപനങ്ങൾ, പഞ്ചായത്ത് നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമല്ല ടെൻഡർ സമർപ്പിച്ചിരിക്കുന്നത്. അതിനാൽ നിരക്ക് സംബന്ധിച്ച താരതമ്യ പഠനം സാധ്യമല്ല. മാത്രമല്ല, ഗ്രാമ പഞ്ചായത്ത് കംപാരറ്റീവ് സ്റ്റേറ്റ്മെന്റും പരിപാലിച്ചിട്ടില്ലാത്തതിനാൽ ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത ഇനവും കുറഞ്ഞ തുകയും താരത്മ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് കാരണം പഞ്ചായത്ത് ആവശ്യപ്പെട്ട സാധനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമായിട്ടുണ്ട് എന്നുറപ്പാക്കാനുമായിട്ടില്ല. മേൽ പറഞ്ഞ വസ്തുതകൾ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്താതെ അയിഷ മെറ്റൽസിന്റെ ടെൻഡർ സ്വീകരിക്കുകയും പാത്രങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

1. ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് നിർദേശിച്ച സെപെസിഫിക്കേഷൻ പ്രകാരം, ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്.
2. അയിഷ മെറ്റൽസ് എന്ന സ്ഥാപനവുമായി നെഗോസ്യേഷൻ നടത്തിയതിന്റെ തുടർ രേഖകൾ ( സ്ഥാപനം സമർപ്പിച്ച മറുപടി, നിരക്ക് കുറയ്ക്കാൻ സമ്മതമറിയിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകൾ മുതലായവ)

3. പാത്രങ്ങളുടെ സ്റ്റോക്ക് - വിതരണ രജിസ്റ്റർ

മേൽ പറഞ്ഞ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 7.11.2018 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച തുക 450000 രൂപ ( തനത് ഫണ്ട്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ- ഡൈനിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക 290740 രൂപ തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ- ഡൈനിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക 290740 രൂപ തടസ്സപ്പെടുത്തുന്നു.
പ്രൊജക്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 183/18 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ<br>ഡൈനിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | 40000 രൂപ ( തനത് ഫണ്ട്) |
| ചെലവ് തുക | 290740 രൂപ ( തനത് ഫണ്ട്)<br>സപ്ലയർക്ക് (എഫ്ഫാർ ട്രേഡേഴ്സ്, പട്ടിക്കര, പാലക്കാട്) നൽകിയ തുക- 287832 രൂപ ( വൗച്ചർ നം.51700592 തീ. 6.11.2017<br>ഇൻകം- ടാക്സ് തുക-2908 രൂപ<br>( വൗ. നം.51700595 തീ. 6.11.2017 ) |
| പത്രപ്പരസ്യ തീയ്യതി | A2 183/18 തീ.15.3.17 ( ദേശാഭിമാനി |
| സാധന- സേവന സമാഹരണ കമ്മറ്റി തീരുമാനം നം. | 1. തീയ്യതി. 28.9.2017 |
| ടെൻഡർ വിശദാംശങ്ങൾ | സ്റ്റീലിൽ 3 ഇനം ടേബിളുകളും, പ്ലാസ്റ്റിക്കിൽ 2 ഇനം കസേരകളും |
| ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | (1) അയിഷ മെറ്റൽസ്, പഴയന്നൂർ<br>(2) എഫ്ഫാർ ട്രേഡേഴ്സ്, പട്ടിക്കര, പാലക്കാട്<br>(3) രാജധാനി ഫർണിച്ചർ, ചെർപ്പുളശ്ശേരി<br>(4) ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട്<br>(5) കോസ്റ്റൽ ഫർണിച്ചർ കടലുണ്ടി, കോഴിക്കോട് |

ഈ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ഇനം ഫർണിച്ചറുകളാണ് സപ്ലൈ ചെയ്യാൻ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടത്.

1. സ്റ്റീൽ ടേബിൾ - 6x 1.5 - 70 എണ്ണം

2. സ്റ്റീൽ ടേബിൾ 7x4 3 എണ്ണം

3. ഓഫീസ് ടേബിൾ 4x3 1 എണ്ണം

4. പ്ലാസ്റ്റിക് കസേര 200 എണ്ണം

( കയ്യില്ലാത്തത്)

5. പ്ലാസ്റ്റിക് കസേര 200 എണ്ണം

( കയ്യുള്ളത്) 75 എണ്ണം

ഇത് പ്രകാരം, ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ താഴെ പറയും പ്രകാരം നിരക്കുകൾ രേഖപ്പെടുത്തി ടെൻഡറുകൾ സമർപ്പിച്ചു.

| സ്ഥാപനത്തിന്റെ പേര് | സ്റ്റീൽ ടേബിൾ 6x1.5 ( 70 എണ്ണം) | സ്റ്റീൽ ടേബിൾ 7x4 (3എണ്ണം) | ഓഫീസ് ടേബിൾ 4x3 (1എണ്ണം) | പ്ലാസ്റ്റിക് ചെയർ (കയ്യില്ലാത്തത്) 200 എണ്ണം | പ്ലാസ്റ്റിക് ചെയർ (കയ്യുള്ളത്) 75 എണ്ണം |
|---|---|---|---|---|---|
| ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് | 20 Guage- 4988 രൂപ<br>18 Guage 5988രൂപ<br>16 Guage 6988 രൂപ | 20 Guage- 3988 രൂപ<br>18 Guage 4988രൂപ<br>16 Guage 5988രൂപ | 22 Guage- 3444 രൂപ<br>20 Guage 3944രൂപ<br>18 Guage 4444രൂപ | Friendly 322 രൂപ<br>national 422 രൂപ<br>Supreme 484 രൂപ<br>Neelkamal 584 രൂപ | Friendly 344 രൂപ<br>national 444 രൂപ<br>Supreme 522 രൂപ<br>Neelkamal (2071) 544 രൂപ<br>Neelkamal (2160) 594 രൂപ |
| അയിഷ മെറ്റൽസ്, പഴയന്നൂർ | 2400 രൂപ (മറ്റ് വിശദാംശങ്ങളില്ല) | 3400 രൂപ | 2390 രൂപ | 230 രൂപ | 290 രൂപ |

| | | | | | |
|---|---|---|---|---|---|
| രാജധാനി ഫർണിച്ചർ, ചെർപുള ശ്ശേരി | 3474 രൂപ | 7462രൂപ 7949രൂപ | 3474രൂപ | 225,348 396, 439, 434 രൂപ | 394,447, 492 രൂപ |
| കോസ്റ്റൽ ഫർണിച്ചർ കടലുണ്ടി, കോഴിക്കോട് | 2270 രൂപ | 7200രൂപ | 4800രൂപ | 430 രൂപ | 490 രൂപ |
| എഫ്ഫാർ ട്രേഡേഴ്സ്, പട്ടിക്കര, പാലക്കാട് | 2399 രൂപ | 7945രൂപ | 2250രൂപ | 349 രൂപ | 359 രൂപ |

മേൽ പറഞ്ഞ താരതമ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ താഴെ പറയുന്നു.

1.സ്റ്റീൽ ടേബിൾ 6x 1.5 – കോസ്റ്റൽ ഫർണിച്ചർ, കടലുണ്ടി , കോഴിക്കോട് –2270

2. സ്റ്റീൽ ടേബിൾ 7x4 – അയിഷ മെറ്റൽസ്, പഴയന്നൂർ 3400

3.ഓഫീസ് ടേബിൾ 4x3 എഫ്ഫാർ ട്രേഡേഴ്സ്, പാലക്കാട് 2250

4. കസേര ( കയ്യുള്ളത്) അയിഷ മെറ്റൽസ്, പഴയന്നൂർ 290

5. കസേര ( കയ്യില്ലാത്തത്) രാജധാനി ഫർണിച്ചർ, ചെർപ്പുളശ്ശേരി 225

ഗ്രാമ പഞ്ചായത്തിന് പരമാവധി നേട്ടമുണ്ടാകത്തക്കനിലയിൽ ഓരോ ഇനത്തിനു ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്ന് അതത് സാധനങ്ങൾ വാങ്ങുന്നതിനു പകരം മുഴുവൻ ഉപകരണങ്ങളും എഫ്ഫാർ ട്രേഡിംഗ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ( പർച്ചേസ് ഓർഡർ നം. A2 2152/17 തീ. 28.09.17) ഇൻവോയ്സ് നം. 700 തീ. 3.10.17)

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 5.11.2018 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

1. സ്റ്റോർ പർച്ചേസ് മാന്വലിനു വിരുദ്ധമായി, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയതിന് മതിയായ സാധുതയുള്ള കാരണങ്ങളുണ്ടെങ്കിൽ ആയത് രേഖകൾ സഹിതം ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.
2. ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ആയതിനാൽ മേൽ പറഞ്ഞ രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 290740 രൂപ ( തനത് ഫണ്ട്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം. 181/18

അടങ്കൽ 480000രൂപ ( ലോക ബാങ്ക് ധനസഹായം)

ചെലവ് 262205 രൂപ ( ബിൽ നം. 12/18 തീ. 23.8.17

നിർവഹണോദ്യോഗസ്ഥൻ സെക്രട്ടറി

മേൽ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം ലോക ബാങ്ക് ധനസഹായമുപയോഗിച്ച് ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് 18 എണ്ണം 3 സെറ്റ് കസേരകളും, 22 എണ്ണം 4സെറ്റ് കസേരകളും വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷമത്തിന് മറുപടി സമർപ്പിക്കുകയോ ആവശ്യപ്പെട്ട രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിലെ 262205 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും പേരും | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 15/17-18/ 23.8.17<br>ഐ.കെ.എം. പഞ്ചായത്ത് വിഹിതം | 86500 | 86500<br>( ബിൽ നം. 09/18. തീ. 23.8.17) |
| 2 | 16/18 തീ. 08/17-18<br>ജലനിധി-പഞ്ചായത്ത് വിഹിതം | 3000000 | 3000000<br>( ബിൽ നം. 08/18. തീ. 23.8.17) |
| 3 | 29/18<br>ഭാരതപ്പുഴ സംരക്ഷണം- ജില്ലാ പഞ്ചായത്തിന് നൽകിയ തുക. | 1000 | 1000<br>11/18 തീ. 23.8.17 |

| | | | |
|---|---|---|---|
| 4 | 170/18<br>സാമൂഹ്യ സുരക്ഷാ മിഷൻ<br>പഞ്ചായത്ത് വിഹിതം. | 500000 | 500000<br>( ബിൽ നം.<br>18/18. തീ.<br>23.8.17) |
| 5 | 173/18<br>സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ<br>( കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകിയത് ) | 1500000 | 671410<br>( ബിൽ നം.<br>39/18. തീ.<br>28.3.18) |

## 3-5 പട്ടിക ജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-സാധന - സേവന സമാഹരണ ചട്ടങ്ങൾ പാലിക്കണം

സ.ഉ (എം.എസ്)നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ 500000/-രൂപയിൽ താഴെയുള്ള വാങ്ങലുകൾ മാത്രമേ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്. സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് വിരുദ്ധമായിട്ടാണ് താഴെ പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്.

| | പ്രോജക്റ്റ് നം 163/2017-18 |
|---|---|
| സ്പെസിഫിക്കേഷൻ | നീളം 1.98 mtr വീതി 90cm,front leg 60 cm L,back leg 50 cm L,Top 8 mm plywood |
| പ്രവൃത്തി | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ |
| അടങ്കൽ | 530700 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| കരാറുകാരൻ | കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ(ARTCO) |

| | |
|---|---|
| കരാർ നം | ഇല്ല |
| ബിൽ നം | 06/18 തീ. 28.3.18 |
| ഇൻവോയ്സ് | നം.169 , 15.02.2018 |
| ആകെചെലവ് | 53049 |

മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷന് എ2/5000/16 തീ.20.2.2018 പ്രകാരം കത്ത് നൽകുകയും, ഇൻവോയ്സ് നം 231/24.03.2018 കോർപ്പറേഷൻ പ്രകാരം 122കട്ടിലുകൾ ഒന്നിന് 4349 രൂപയ്ക്ക് (ജി എസ് ടി ഉൾപ്പെടെ) നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.(പർചേയ്സ് ഓർഡർ നം എ2/5000/16 തീ.20.2.2018)

GO(Rt)no 09/2017/SPD dt 14.02.2017, GO(Rt)no 4/2018/spd/2.2.2018എന്നിവ പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല.ആയതിനാൽ ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും,സാമ്പത്തിക ലാഭവും ഇല്ലാതായി.ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.ആയതിനാൽ വാങ്ങലുമായിബന്ധപ്പെട്ട പ്രൊജക്ടുകളുടെ രൂപീകരണ- നിർവഹണ വേളയിൽ ആയവ പർച്ചെസ് ചട്ടങ്ങൾ, സാധന- സേവന- സമാഹരണ ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമാണെന്ന് കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 ഔഷധിയിൽ നിന്നുള്ള 14426 രൂപ മൂല്യമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല, സമയബന്ധിതമായി ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടുകൾ സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ ഔഷധിയിൽ നിന്നും ലഭിച്ച 1680 രൂപ മൂല്യമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല എന്നും 12746 രൂപ മൂല്യമുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും കണ്ടെത്തി. ആയുർവ്വേദ ജില്ലാ കാര്യാലയത്തിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയിരിക്കുന്നത്. കൂടാതെ ഔഷധിയുമായി കരാറിൽ ഏർപ്പെടാതെയാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ പേര് : 148/18- ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ 2017-18

അടങ്കൽ : 1,50,000

ചെലവ് : 1,50,000

ബിൽ നം. തിയ്യതി : 3 /17-18, 09.11.17

ലഭ്യമായ മരുന്നുകളിൽ താഴെ പറയുന്ന മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല, ആയുർവ്വേദ ജില്ലാ കാര്യാലയത്തിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയിരിക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തിയ്യതി | പേര് | ഇൻവോയ്സ് പ്രകാരം സ്റ്റോക്കിലെ ടുക്കേണ്ട എണ്ണം | സ്റ്റോക്കിലെടുക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | 90059421<br>22.03.2018 | അമൃതാതി ചൂർണ്ണം | 10 | 10 x 168 = 1680/- |

മേൽപ്പറഞ്ഞ മരുന്ന് സ്റ്റോക്കിലെടുക്കാത്തതിനും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയതിനുമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2. ഔഷധിയിൽ നിന്നും ഭാഗികമായി മാത്രം മരുന്നുകൾ ലഭ്യമായി,

വൃദ്ധർ, പാലിയേറ്റീവ് കെയർ രോഗികൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ 2017-18( പ്രോജക്ട് നം. 149/17-18) എന്ന പദ്ധതി പ്രകാരം ഔഷധിക്ക് 3,00,000 രൂപ മുൻകൂർ നൽകിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. ആയുർവ്വേദ ജില്ലാ കാര്യാലയത്തിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയിരിക്കുന്നത്. അനുബന്ധ രേഖകൾ പരിശോധിച്ചപ്പോൾ ടി പ്രോജക്ടുമായി ബന്ധപ്പെട്ട് ഔഷധിയുമായി കരാറിലേർപ്പെട്ടില്ല എന്ന് കാണുന്നു.

ബിൽ തുക : 3,00,000

ബിൽ നം, തിയതി : 02/17-18, 09.11.2017

മുൻകൂർ നൽകിയ തുക : 3,00,000/- (അക്കൗണ്ട് ട്രാൻസ്ഫർ മുഖേന തിയതി. 09.11.2017)

മുൻകൂർ നൽകിയ തുകയിൽ ലഭ്യമാകാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ലഭിച്ച മരുന്നുകളുടെ വിവരം | | ലഭിച്ച മരുന്നുകളുടെ മൂല്യം |
|---|---|---|---|
| | ഇൻവോയ്സ് നം | തിയതി | |

| | | | |
|---|---|---|---|
| 1 | 90047199 | 31.12.17 | 128679 |
| 2 | 90059422 | 22.03.18 | 92037 |
| 3 | 90061737 | 31.03.18 | 28433 |
| 4 | 90070425 | 28.06.18 | 21165 |
| 5 | 90075187 | 28.07.18 | 16940 |
| ആകെ | | | 287254 |

ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ

മുൻകൂർ നൽകിയ തുക : 3,00,000

നാളിതുവരെ ലഭിച്ച മരുന്നുകളുടെ മൂല്യം : 2,87,254

ക്രമീകരിക്കാൻ ബാക്കിയുള്ള തുക : 12746
ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17/2017-18, തിയതി. 02.11.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 കുടുംബശ്രീ- അക്കൗണ്ടിലെ മൃത നിക്ഷേപം- തുക സഞ്ചിത നിധിയിലൊടുക്കണം

ലെക്കിടി -പേരൂർ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീയുടെ പേരിൽ ധന ലക്ഷ്മി ബാങ്കിന്റെ ഒറ്റപ്പാലം ശാഖയിലെ 114115674 അക്കൗണ്ട് നമ്പറിൽ 1.4.2015 തീയ്യതിയിൽ 97362.25 രൂപ അവശേഷിക്കുന്നതായി ഓഡിറ്റിനു ലഭ്യമാക്കിയ ബാങ്ക് പാസ്സ്ബുക്കിൽ നിന്നും മനസ്സിലാകുന്നു. മേൽ പറഞ്ഞ അക്കൗണ്ടിൽ 1.4.2015നു ശേഷം ഇടപാടുകൾ നടന്നതായി കാണുന്നില്ല. രേഖകളുടെ പരിശോധനയിൽ , ഈ അക്കൗണ്ട് പ്രവർത്തന രഹിതമായവശേഷിക്കുന്നതായാണ് മനസ്സിലാകുന്നത്. ഈ അക്കൗണ്ടിൽ 31.10.2018 വരെ അവശേഷിക്കുന്ന തുക വ്യക്തമാക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാനും അല്ലാത്തപക്ഷം, നിലവിലുള്ള ബാങ്ക് പാസ്സ് ബുക്ക് കാലികമാക്കി ( 31.10.2018 വരെയുള്ള കണക്ക്) ഓഡിറ്റിനു ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 4/2.11.18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ തുക കാലികമാക്കി ടി തുകസംസ്ഥാന സർക്കാറിന്റെ സഞ്ചിത നിധിയിലൊടുക്കിതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ:

(I) പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 103

പ്രൊജക്ടുകളിൽ എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 43 | 60 | 103 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 38 | 33 | 71 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 5018525 | 3610823 |
| വികസന ഫണ്ട് (എസ്.സി.പി) | 3509750 | 2236941 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4477895 | 1066980 |
| ലോക ബാങ്ക് ധനസഹായം | 1874453 | 1806751 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2885799 | 80090 |
| തനത് ഫണ്ട് | 1575600 | 193371 |
| മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും | 624400 | 0 |
| ബ്ലോക്ക് പഞ്ചായത്ത്ഫണ്ട് | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 400000 | 0 |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 10250118 | 6463174 |
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 1578968 | 319145 |
| ആകെ | 33695508 | 15777275 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 69% പൂർത്തീകരിച്ചപ്പോൾ അനുവദിച്ച തുകയുടെ 47% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും പിഴ കുറവ് ചെയ്തിട്ടാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ഒരു പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ ഈടാക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.21/03.11.2018) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ ₹.2239/- 03.11.2018ന് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപിടി ലഭ്യമാക്കിയിട്ടുണ്ട്.

(II) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം

പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

(III)എസ്.സി. യുവതികൾക്ക് ഐ.ടി.സെന്റർ പ്രവർത്തന ക്ഷമമാക്കണം.

പ്രൊജക്ട് നം.88/18(168/17): എസ്.സി. യുവതികൾക്ക് ഐ.ടി.സെന്റർ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി 2016-17ൽ ₹.15,30,967/- അടങ്കലായി അംഗീകാരം ലഭിക്കുകയും സിവിൽ വർക്കിനായി വകയിരുത്തിയ ₹.14,17,696.84ന്റെ എസ്റ്റിമേറ്റുള്ള പ്രവൃത്തി 15.88% കുറഞ്ഞ നിരക്കിൽ ഏറ്റെടുത്ത കാരാറുകാരൻ 2017-18ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്. ഇതിനായി ബിൽ നം.83/28.03.18 പ്രകാരം ₹.10,92,196/- ആണ് പ്രത്യേക ഘടക പദ്ധതിക്കായുള്ള പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചത്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ നാളിതുവരെ നൽകിയിട്ടില്ല.

സർക്കാർ ഉത്തരവ് നം.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം പുറപ്പെടുവിച്ച 13ാം പദ്ധതി മാർഗ്ഗരേഖയിൽ സ്പിൽ ഓവർ പദ്ധതികൾ അതേവർഷം തന്നെ പൂർത്തീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഐ.ടി.സെന്റർ പ്രവർത്തനം ആരംഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മറ്റ് ഗ്രാമ പഞ്ചായത്തുകൾ | 2017-18 | 624,400 | 94/18:പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 624,400 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,500,000 | 94/18:പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 1,500,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100,000 | 138/18:ശാരീകിക മാനസിക വോലോലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, ബത്തനൽകൽ (ജനറൽ) | 100,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 15,000 | 142/18:ശാരീകിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, ബത്ത നൽകൽ (SC) | 15,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,225,000 | 13/18:നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1,225,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | 179/18:ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നൽകുന്ന കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 70,000 | 179/18:ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നൽകുന്ന കർഷകർക്ക് പാലിന് സബ്സിഡി | 70,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 16/18: ജലനിധി പഞ്ചായത്ത് വിഹിതം | 8/23.08.2017 | 300,000/- | 0 | 300,000/- |
| ജില്ലാ പഞ്ചായത്ത് | 29/18 ഭാരതപ്പുഴ സംരക്ഷണം, ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | 11/23.8.2017 | 10000 | 0 | 10000 |
| KSEB | 173/18: സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 39/28.03.2018<br>38/28.3.2018 | 671410<br>800677 | 0<br>0 | 671410<br>800677 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 196715/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1 | 196,465 | ശ്രീ.ഹംസത്ത് അലി | 117010500025/ 29.02.18 |
| 2016-17 | 2-2 | 250 | ശ്രീമതി.രഞ്ജിനി, അറ്റന്റർ, GHD | 1170107444/ 07.02.18 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2, 2-3, 2-4, 2-5 | 2016-17 | 2-1 | തൊഴിൽ നികുതി | |
| 2015-16 | 2-1, 2-2 | 2016-17 | 2-2 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 136,585,818 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109,300,137 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,002,945 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 450000 | ശ്രീ. അംബുജാക്ഷൻ. പി.കെ., സെക്രട്ടറി |
| 3-2 | 290740 | ശ്രീ. അംബുജാക്ഷൻ. പി.കെ., സെക്രട്ടറി |
| 3-3 | 262205 | ശ്രീ. അംബുജാക്ഷൻ. പി.കെ., സെക്രട്ടറി |
| ആകെ | 1002945 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഒന്നുമില്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അംബുജാക്ഷൻ. പി.കെ., സെക്രട്ടറി | സെക്രട്ടറി, ലെക്കിടി പേരൂർ | വാഴേക്കോട്കളം<br>കുത്തനൂർ. പി.ഒ<br>പാലക്കാട്-678721 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8–220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14–623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14– 228/07/07.01.08 | ഫർദർ റിമാർക്സ് |
| 2003-04 | LFP16– 793/12/02.07.12 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP16- 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/28.3.17 | ഫർദർ റിമാർക്സ് |
| 2013-14<br>2014-15 | KSA-PKD16/1429/16/12.12.18 | ഫർദർ റിമാർക്സ് |
| 2015-16 | KSA-PKD16/251/17/12.2.18 | ഫർദർ റിമാർക്സ് |
| 2016-17 | KSA-PKD16/1399/17/7.6.18 | ഫർദർ റിമാർക്സ് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എപികെഡി.21/1904(43)/2018
തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. വസ്തു നികുതി DCB രജിസ്റ്ററിലെ വരവ്, രസീറ്റ് &പേയ്മെന്റ് ഷെഡ്യൂൾ RP-43 യുമായി പൊരുത്തപ്പെടുന്നില്ല.
3. ബിൽഡിങ്ങ് പെർമിറ്റ് ഫീ DCB രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
4. കുടിശിക DCB രജിസ്റ്റർ (സഞ്ചയയിൽ) കൃത്യമല്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയതായി കാണുന്നില്ല.(I-16).
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. ഡെപ്പോസിറ്റ് പ്രവത്തികൾക്കുവേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
8. Stock Registerലെ തുകകൾ B-14നുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2

# സംക്ഷിപ്തം (Audited Abstract)

| | | | |
|---|---|---|---|
| Lekkidi Perur Grama Panchayat BALANCE SHEET | | | |
| For the period from 0l -April-20 17 to 3 l -March-20 18 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B- l | 3087 l020.00 |
| 31 1000000 | Earm arked Funds - SpeciaJ Funds/Si nking Fund!f rust or Agency Fund | B-2 | 60365.00 |
| 312000000 | Reserves | B-3 | 4 1604564.00 |
| | Total Reserve & Surplus | | 72535949.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contributi on for Specific Purposes | B-4 | 9762375 .00 |
| | Total Grants, Contributions for Specific Purposes | | 9762375.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 316524.00 |
| 350000000 | Other LiabiJ it ies | B-9 | 9 15946.00 |
| | Total Current Liabilities and Provisions | | 1232470.00 |
| | TOTAL LIABILITIES | | 83530794.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B- l l | 44385400 .00 |
| 4 11000000 | Accumul ated Depreciation | B- l l | -6086487.00 |
| 4 12000000 | Capital Work in Progress | B- l l (a) | 23247 1.00 |
| | Total Fixed Assets | | 38531384.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 43 1000000 | Sundry Debtors (Receivables) | B- 15 | l7388635 .00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B- 17 | 2728568 l .00 |
| 460000000 | Loand, Advances and Deposits | B- 18 | 325094.00 |
| | Total Current Assets, Loans and Advances | | 44999410.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 83530794.00 |

Lekkidi Perur Grama Panchayat INCOME & EXPENDITURE STATEMENT

For the period from 0l -April-20 17 to 3 l -March-20 18

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I- 1 | 595 1782.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 273374.00 |
| 140000000 | Fee & User Charges | I-4(b) | 168 1422 .00 |
| 150000000 | Sale & Hire Charges | I-5(b) | 105900.00 |
| 160000000 | Revenue Grants, Funds, Contributi ons & Compensations / Subsidies | I-6 | 139905 189.00 |
| 17 1000000 | Interest Earned | I-8 | 649050 .00 |
| 180000000 | Other Income | I-9 | 66624 .00 |
| | Total Income | | 148633341.00 |
| | EXPENDITURE | | |
| 2 10000000 | Establishment Expenses | I- lO(b) | 10319996.00 |
| 220000000 | Admi nistrative Expenses | 1-1 1 (b) | 804920 .00 |
| 230000000 | Operations & Mai ntenance | I- 12(b) | 17150 10.00 |
| 240000000 | Interest & Finance Charges | I- 13 | 2427.00 |
| 250000000 | Decentrali sed Plan | I-14 | 11084362.00 |

| | | | |
|---|---|---|---|
| | Progrc:tmme-Prod uctive Sector / Programme Expenses | | |
| 25 1000000 | Decentralised Plan Programme -Service Sector | l- 14(a) | 23709030.00 |
| 252000000 | Decentralised Plan Program me-Infrastructure Sector | l- L 4(b) | 4 128768.00 |
| 253000000 | Decentralised Plan Program me-Projects not i ncluded in Sector Di vision | l- l 4(c) | 3834799 .00 |
| 254000000 | Expenditures of Transfered Insti tutions and State Sponsored Schemes (not included under Decentralized Plan Program me) | l- 14(d) | 53083 L 00.00 |
| 255000000 | Maintenance Projects | l- 14(e) | 73404 18.00 |
| 256000000 | Other Revenue Grants and Fund s - Revenue Expenses | l- L 5(a) | 266655 18.00 |
| 272000000 | Depreciation | l- l7(a) | 26 17085.00 |
| | Total Expenditure | | 145305433.00 |
| | Gross Surplus/ Deficit of income over Expenditure | | 3327908.00 |
| 280000000 | P1ior Period Item | 1-18 | 444457.45 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2883450.55 |
| 290000000 | Transfer to Reserve Funds | l- l 8{a) | 0.0 |

Lekkidi PerurGrama Panchayat RECEIPT & PAYMENT STATEMENT

For the period from 0l -April -20 17 to 3 l

| -March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 36604697 .00 |
| Cash | Cash | RP-40(a) | 38626.00 |
| | Operating | | |
| 110000000 | Tax Revenue | RP- 1 | 1337910.00 |
| 130000000 | Rental income from Panchayat Properties | RP-3 | 273374.00 |
| 140000000 | Fees & User Charges | RP-4 | 1457122 .00 |
| 150000000 | Sale & Hire Charges | RP-5 | 105900.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58010090.00 |
| 171000000 | interest Earned | RP-9 | 649050.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3200 1735.00 |
| 350000000 | Other Liabilities | RP-36 | 189559.00 |
| | Non Operating | | |
| 180000000 | Other Income | RP- LO | 250.00 |
| 311000000 | Earmarked Funds | RP-29 | 69568.00 |
| 340000000 | Deposits Received | RP-34 | 360456.00 |
| 350000000 | Other Liabil ities | RP-36 | 448945.00 |
| 431000000 | Sundry Debtors (Recei vables) | RP-43 | 5000238.00 |
| 460000000 | Loans, Advances and Deposits | RP-47 | 38298.00 |
| | Grand total | | 136585818.00 |
| | PAYMENTS | | |
| | Operating | | |
| 2 10000000 | Establishment Expenses | RP- 11 | 4755520 .00 |
| 220000000 | Administrati ve Expenses | RP-12 | 804720.00 |

| | | | |
|---|---|---|---|
| 230000000 | Operation s & Mai ntenance | RP-13 | 1709436.00 |
| 250000000 | Decentralised Plan Programme- Producti ve Sector | RP- 15 | 7628500 .00 |
| 251000000 | Decentrali sed Plan ProgrcllTime- Service Sector | RP-16 | 164089 12.00 |
| 252000000 | Decentrali sed Plan Program me- Infrastructure Sector | RP-17 | 4 104768.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Di vision | RP- 18 | 3635302.00 |
| 254000000 | Expenditure s of Transferred institutions and State Sponsored | RP-19 | 577600.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 7286588 .00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-2 1 | 25589 18 I.OO |
| 280000000 | Prior Period item | RP-26 | -3496.00 |
| 320000000 | Grants, Fu nds & Contributions for Specific Purposes | RP-31 | 2459866.00 |
| 350000000 | Other Liabilities | RP-36 | 4 14972 1.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP- 14 | 3077.00 |
| 280000000 | Prior Period Item | RP-26 | -7830.00 |
| 311000000 | Earmarked Funds | RP-29 | 42055.00 |
| 340000000 | Deposits Received | RP-34 | 17567 1.00 |
| 350000000 | Other Liabilities | RP-36 | 2942487.00 |
| 410000000 | Fixed Assets | RP-38 | 9257824.00 |
| 4 1. 2000000 | Capital work i n Progress | RP-40 | 43 1968.00 |

| | | | |
|---|---|---|---|
| 43 1000000 | Sundry Debtors (Receivables) | RP-43 | 16346843.00 |
| 460000000 | Loans, Advances and Deposits | RP-47 | 1001424.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27255659.00 |
| Cash | Cash | RP-40(b) | 30022.00 |
| | Grand Total | | 136585818.00 |